**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2781** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ പാലക്കയം കോളനിയുടെ സമഗ്രവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽ ഉൾപ്പെട്ട പാലക്കയം ആദിവാസി കോളനിയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഏറനാട് മണ്ഡലത്തിലെ പാലക്കയം സമഗ്ര വികസനത്തിന്റെ ഭാഗമായി പാലം നിർമ്മാണത്തിനായി കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പാലത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത കോളനിയുടെ വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾക്കായി നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |
| (സി) | പാലക്കയം കോളനിയിലേക്കുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും പ്രസ്തുത റോഡ് എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | പാലക്കയത്തിലേയ്ക്കുള്ള റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ മറ്റേതെങ്കിലും ഫണ്ട് ഉപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ 2.6 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിരുന്നു. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ജീവനോപാധി, കൃഷി എന്നീ പദ്ധതികൾക്ക് മുൻഗണന നൽകിയിരുന്നതിനാൽ റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ